

കാലം സാക്ഷി ●
കുഞ്ഞിമുഹമ്മദ് വളാഞ്ചേരി

# ഏഴാകാശങ്ങളും കടന്ന് ഖൗലയുടെ ആവലാതി

**ഖൗലയുടെ സങ്കടനിർഭരമായ ആവലാതിയും നിലവിളിയും സപ്താകാശ മുകളിലെ ദൈവിക നീതിന്യായക്കോടതിയിൽ എത്തി. അവാച്യവും എന്നാൽ അനന്തവിശാലവുമായ അഖില പ്രപഞ്ചങ്ങളുടെയും ഭരണം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ തന്നെ പരമശക്തനായ അല്ലാഹുവിന് ഭൂലോകത്തിന്റെ ഏതോ മൂലയിൽനിന്ന് ഒരു നാടൻ പെണ്ണിന്റെ ദീനരോദനം കേൾക്കാനും വിധിപറയാനും ഒട്ടും താമസമോ തടസമോ ഉണ്ടായില്ല.**

**ഖലീഫാ** ഉമർ മദീനയിലെ ഒരു ഗ്രാമത്തിലൂടെ നടന്നു പോവുകയായിരുന്നു. വഴിയിൽ ഒരു വൃദ്ധ അദ്ദേഹത്തെ കണ്ടു. ഖലീഫയോട് എന്തോ പറയാനുണ്ടെന്ന മട്ടിൽ അവർ അദ്ദേഹത്തിന് അഭിമുഖമായിനിന്നു. അവർക്ക് പറയാനുള്ളത് കേൾക്കാനായി ഖലീഫയും നിന്നു.

വൃദ്ധ പറഞ്ഞു: "ഉമറേ, ചെറു പ്രായത്തിൽ നീ ഉക്കാദ് ചന്തയിൽ കളിച്ചു നടക്കുമായിരുന്നു. അന്ന് ഞങ്ങൾക്കൊക്കെ 'കുഞ്ഞു ഉമർ' (ഉമൈർ) ആയിരുന്നു നീ. പിന്നെപ്പിന്നെ നീ വലിയ ആളായി. അപ്പോൾ ജനം നിന്നെ ഉമർ എന്ന് വിളിച്ചു. ഇന്നിതാ നീ അതിലും വലിയ ആളായി. 'അമീറുൽ മുഅ്മിനീൻ' എന്ന സ്ഥാനപ്പേരിൽ സത്യവിശ്വാസികളുടെ നായകൻ ആയിരിക്കുന്നു, നല്ലത്. അനുയായികളെ നല്ല നിലയിൽ നല്ലതിലേക്ക് നയിക്കുന്ന കാര്യത്തിൽ ഒട്ടും അമാന്തം വരുത്തരുത് കെട്ടോ, അല്ലാഹുവിന്റെ ആജ്ഞാ നിർദേശങ്ങളെ മറികടക്കല്ലേ...." കിഴവി ഉപദേശം തുടർന്നു കൊണ്ടേയിരുന്നു. അമീറുൽ മുഅ്മിനീനാകട്ടെ, ഒരു കൊച്ചു കുട്ടിയെപ്പോലെ തലകുനിച്ചു അവരുടെ ഉപദേശം ശ്രദ്ധാപൂർവം കേട്ടുകൊണ്ടുമിരുന്നു. പക്ഷേ, ഖലീഫയുടെ കൂടെയുണ്ടായിരുന്ന ജാറൂദുൽ ഉബൈദി എന്ന കൂട്ടുകാരന് വൃദ്ധയുടെ സംസാരം നീണ്ടുപോകുന്നതിൽ ക്ഷമ കെട്ടു. അദ്ദേഹം പറഞ്ഞു: "ഹേ കിഴവീ, നിങ്ങൾ സംസാരിച്ചു സംസാരിച്ചു അമീറുൽ മുഅ്മിനീന്റെ സമയം പാഴാക്കരുത്." ഉമർ ഉടനെ അദ്ദേഹത്തിന് നേരെ തിരിഞ്ഞു പറഞ്ഞു: "അവരെ സംസാരിക്കാൻ വിട്ടേക്കൂ. ഈ സ്ത്രീയെ താങ്കൾക്കറിഞ്ഞുകൂടേ? ഭൂമിയിൽനിന്ന് ഇവരുടെ സംസാരം ഏഴാകാശമുകളിൽ അല്ലാഹു കേൾക്കുകയും അവരുടെ പ്രശ്നത്തിന് സത്വര പരിഹാരമുണ്ടാക്കുകയും ചെയ്തിട്ടുണ്ട്. അക്കണക്കിൽ അവരുടെ സംസാരം എത്ര ദീർഘിച്ചാലും അതത്രയും കേട്ടിരിക്കാൻ കടപ്പെട്ടവനാണ് ഈ ഉമർ. അല്ലാഹുവാണ! അവർ രാത്രിയാകുവോളം എന്നെ ചുറ്റിപ്പറ്റി കഴിഞ്ഞാലും ഞാൻ അവരെ ശ്രവിച്ചും പരിചരിച്ചും കൊണ്ടേയിരിക്കും. നമസ്കാര സമയമായാൽ അത് നിർവഹിച്ച് വീണ്ടും ഞാനിവരുടെ സംസാരം കേൾക്കാനായി തിരിച്ചെത്തും."

സഅ്ലബയുടെ മകൾ ഖൗലയാണ് ഈ വനിത. അൻസ്വാരി സ്ത്രീയായ ഇവർ ഖസ്റജ് ഗോത്രക്കാരിയും സ്വഹാബിയായ ഔസുബ്നു സാമിതിന്റെ ഭാര്യയുമാണ്. സുന്ദരി, സുശീല, സാഹിത്യകാരി ഇതായിരുന്നു യുവത്വകാലത്ത് ഖൗലയെപ്പറ്റി പറഞ്ഞ് കേട്ടിരുന്നത്. യുവ ദമ്പതികൾ സന്തുഷ്ട കുടുംബജീവിതം നയിച്ചു പോന്നു. ഇരുവരും വാർധക്യത്തിലേക്ക് കാലെടുത്തുവെച്ച ശേഷം ഒരുനാൾ വാർധക്യ സഹജമായ മുൻകോപം കാരണം ഭർത്താവായ ഔസ്, പത്നിയോട് അവരിരുവരുടെയും ദാമ്പത്യത്തിന്റെ അടിവേരറുക്കുന്ന ഒരു വാക്യം ഉച്ചരിച്ചതാണ്, ഖൗലയുടെ കാര്യത്തിൽ ആകാശലോകം ഇടപെടാനുണ്ടായ കാരണം.

“നീ എനിക്കിനി എന്റെ ഉമ്മയെപ്പോലെയാണ്.’’ ഇതായിരുന്നു ആ വാക്യം. ഇസ്‌ലാമിന് മുമ്പ് ജാഹിലീ സമൂഹത്തിൽ പ്രചാരത്തിലുണ്ടായിരുന്ന ത്വലാഖിന്റെ മൊഴികളിൽപെട്ട ഒന്നാണിത്. മാതാവുമായി ലൈംഗിക ബന്ധം നിഷിദ്ധമായ പോലെ നീയും എനിക്ക് നിഷിദ്ധമാണ് എന്നാണതിന്റെ അർഥം.

ഇസ്‌ലാമിൽ പക്ഷേ ഈ ‘മൊഴി’ അപരിചിതമായിരുന്നു. ഇനി ഒരു പുരുഷൻ സ്വപത്നിയോട് ഈ വചനം ഉച്ചരിച്ചാൽ വിധി എന്ത്? അതും നിശ്ചയമില്ല. ഖൗലയാകെ കുഴങ്ങി. മക്കൾ ചെറുപ്രായക്കാർ. ഭർത്താവോ ദുർബലനും. വിവാഹബന്ധം അവസാനിച്ചാൽ സ്വതേ ദരിദ്രകുടുംബമായ ഇവർ ആകെ കഷ്ടത്തിലായതു തന്നെ. പരിഹാരം തേടി ഖൗല നബിയുടെ വീട്ടിലെത്തി. മുഖഭാവങ്ങളിലത്രയും സങ്കടവും സംഭ്രമവും കോറിയിട്ടിരിക്കുന്നു. മാനസികമായും ശാരീരികമായും നന്നേ തളർന്നിട്ടുണ്ട്. ഈ ദുർഘടഘട്ടത്തിൽ തന്റെ വേദനകളും വിവശതകളും നബിയോടല്ലാതെ മറ്റാരോട് പറയാൻ.

ഖുർആനിലോ ഹദീസിലോ പ്രതിവിധി നിശ്ചയിച്ചിട്ടില്ലാത്തതും ഇതിനു മുമ്പ് സംഭവിച്ചിട്ടില്ലാത്തതുമാണ് വിഷയം. വിങ്ങിപ്പൊട്ടി അവർ നബിയെ കാര്യം ധരിപ്പിച്ചു. നബി പറഞ്ഞു: “അല്ലാഹുവിൽനിന്ന് നിർദേശം വന്നിട്ടില്ലാത്ത വിഷയമാണിത്. നീ അദ്ദേഹത്തിന് നിഷിദ്ധമായെന്നാണ് തോന്നുന്നത്.” “പ്രവാചകരേ, അദ്ദേഹം എന്നെ മൊഴി ചൊല്ലിയിട്ടില്ല” എന്നായി ഖൗല. നബി വീണ്ടും അതേ വാചകങ്ങൾ ആവർത്തിച്ചു. മൊഴി ചൊല്ലിയിട്ടില്ലെന്ന് ഖൗല തർക്കിച്ചുകൊണ്ടുമിരുന്നു. ദുഃഖപരവശയായ അവർ പൊട്ടിക്കരഞ്ഞു കഅ്ബയുടെ നേരെ തിരിഞ്ഞു ഇരുകൈകളും ആകാശത്തേക്കുയർത്തി പ്രാർഥിച്ചു: “അല്ലാഹുവേ, എന്നെ പിടികൂടിയ കഠിന ദുഃഖത്തിന് അറുതിയുണ്ടാക്കണേ, ഞങ്ങൾ തമ്മിൽ വേർപാടുണ്ടാകരുതേ, അത് അസഹ്യം. അല്ലാഹുവേ, നിന്റെ തിരുദൂതന്റെ നാവിൽനിന്ന് പരിഹാരം ഉണ്ടാകത്തക്കവിധം നീ അദ്ദേഹത്തിന് ബോധനം നൽകണേ.”

ഖൗലയുടെ സങ്കടനിർഭരമായ ആവലാതിയും നിലവിളിയും സപ്താകാശ മുകളിലെ ദൈവിക നീതിന്യായക്കോടതിയിൽ എത്തി. അവാച്യവും എന്നാൽ അനന്തവിശാലവുമായ അഖില പ്രപഞ്ചങ്ങളുടെയും ഭരണം നടത്തിക്കൊണ്ടിരിക്കുന്നതിനിടയിൽ തന്നെ പരമശക്തനായ അല്ലാഹുവിന് ഭൂലോകത്തിന്റെ ഏതോ മൂലയിൽനിന്ന് ഒരു നാടൻ പെണ്ണിന്റെ ദീനരോദനം കേൾക്കാനും വിധിപറയാനും ഒട്ടും താമസമോ തടസമോ ഉണ്ടായില്ല. അതും അവന്റെ ഭരണവ്യവസ്ഥയിൽ ഒരുഭാഗം മാത്രം. ഖുർആൻ ഈ സംഭവം ഇങ്ങനെ രേഖപ്പെടുത്തുന്നു:

“ഭർത്താവിന്റെ കാര്യത്തിൽ താങ്കളോട് തർക്കിച്ചും അല്ലാഹുവിനോട് ആവലാതിപ്പെട്ടും കൊണ്ടിരിക്കുന്ന സ്ത്രീയുടെ സംസാരം അല്ലാഹു കേട്ടിട്ടുണ്ട്. നിങ്ങളിരുവരുടെയും സംവാദം അല്ലാഹു ശ്രദ്ധിച്ചുകൊണ്ടിരിക്കുന്നു. അല്ലാഹു അതിയായി കേൾക്കുന്നവനും കാണുന്നവനുമാകുന്നു. ഭാര്യമാരെ ദിഹാർ ചെയ്യുന്നവർ അറിഞ്ഞിരിക്കട്ടെ: അവരുടെ ഭാര്യമാർ തങ്ങളുടെ മാതാക്കളാകുകയില്ല. അവരെ പ്രസവിച്ചവർ ആരോ അവർ മാത്രമാണ് അവരുടെ മാതാക്കൾ. കള്ളവും നിഷിദ്ധവചനവുമാണ് ഇക്കൂട്ടർ ജൽപിക്കുന്നത്. നിശ്ചയം അല്ലാഹു വിട്ടുവീഴ്ച ചെയ്യുന്നവനും അതിയായി പൊറുക്കുന്നവനുമാകുന്നു. സ്വന്തം ഭാര്യമാരെ ദിഹാർ ചെയ്യുകയും പിന്നെ പറഞ്ഞ വാക്കിൽനിന്ന് മടങ്ങുകയും ചെയ്യുന്നവൻ, ദമ്പതികൾ പരസ്പരം ശാരീരിക ബന്ധം പുലർത്തുംമുമ്പായി ഒരടിമയെ മോചിപ്പിക്കേണ്ടതാകുന്നു. ഇതത്രെ അല്ലാഹു നിങ്ങളെ ഉപദേശിക്കുന്നത്. നിങ്ങൾ പ്രവർത്തിക്കുന്നതെന്തോ അതിനെക്കുറിച്ചു സൂക്ഷ്മജ്ഞാനിയാകുന്നു അല്ലാഹു. അടിമയെ മോചിപ്പിക്കാൻ കഴിയാത്തവൻ തുടർച്ചയായി രണ്ടുമാസം വ്രതമനുഷ്ഠിക്കണം. ദമ്പതികളിരുവരും ശാരീരിക ബന്ധം പുലർത്തും മുമ്പായിരിക്കണം ഇത്. ഇതിനൊന്നും കഴിവില്ലാത്തവർ അറുപത് ദരിദ്രർക്ക് അന്നം നൽകേണ്ടതാകുന്നു.”

ഇസ്‌ലാമിൽ വന്നശേഷം, ഭാര്യമാരോട് ഭർത്താക്കളിലാരും ഉച്ചരിച്ചിട്ടില്ലാത്ത ഈ മൊഴി ‘ദിഹാർ’ എന്നപേരിൽ പ്രചരിക്കുകയാണുണ്ടായത്. വല്ലവരിൽനിന്നും ഇങ്ങനെ സംഭവിച്ചാൽ ഇതോടെ പ്രതിവിധിയും ഉണ്ടായി. മൂന്ന് പ്രതിവിധി മാർഗങ്ങളിൽ ഒന്നുപോലും ചെയ്തു തീർക്കാൻ ഔസിന്റെ ദാരിദ്ര്യവും ആരോഗ്യ ശേഷിയും അനുവദിച്ചില്ല. അറുപത് ദരിദ്രർക്ക് രണ്ടു മുദ്ദ് കാരക്കവീതം വിതരണം ചെയ്തു പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ തന്നെ പരസഹായം വേണ്ടിവന്നു അദ്ദേഹത്തിന്.

ആഇശ പറഞ്ഞു: “സകല ശബ്ദങ്ങളും കേൾക്കുന്ന അല്ലാഹുവിന് സർവസ്തുതിയും. തർക്കിച്ചുകൊണ്ടിരിക്കുന്നവൾ നബിയോട് സംസാരിക്കുമ്പോൾ വീട്ടിന്റെ ഒരു കോണിൽ ഞാനും ഉണ്ടായിരുന്നു. അവർ സംസാരിക്കുന്നത് പക്ഷേ, ഞാൻ കേൾക്കുകയുണ്ടായില്ല. അല്ലാഹു അത് കേൾക്കുക മാത്രമല്ല, ഖുർആനിലൂടെ പ്രതിവിധിയുണ്ടാക്കുകയും ചെയ്തു.” ■